മാതൃഭൂമി

09 May 2024

# ദാ, പുതിയ രണ്ട് മീനുകൾ



അബ്ലെന്നെസ് ജോസ്ബർക്മെൻസിസ്



▶ അബ്ലെന്നെസ് ഗ്രേസാലി

**കൊച്ചി▸** ഇന്ത്യൻ സമുദ്രമത്സ്യ സമ്പത്തിൽ രണ്ടിനം മീനുകളെ കൂടി കണ്ടെത്തി. കോലാൻ-മുരൽ വിഭാഗത്തിൽ പെട്ട രണ്ട് പുതിയ മീനുകളെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സി.എം.എഫ്.ആർ.ഐ.) ഗവേഷകരാണ് കണ്ടെത്തിയത്. അബ്ലെന്നെസ് ജോസ്ബർക്മെൻസിസ്, അബ്ലെന്നെസ് ഗ്രേസാലി എന്നിങ്ങനെയാണ് പുതിയ മീനുകൾക്ക് പേരിട്ടിരിക്കുന്നത്. സി.എം.എഫ്.ആർ.ഐ.യിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ഇ.എം. അബ്ദുസ്സമദിന്റെ നേതൃത്വത്തിൽ ഗവേഷണം നടത്തുന്ന ടോജി തോമസാണ് തൂത്തുക്കുടിയിൽനിന്ന് മീനുകളെ കണ്ടെത്തിയത്. ഡോ. ഷിജിൻ അമേരി, ബദറുൽ സിജാദ്, ഡോ. കെ.കെ. സജികുമാർ എന്നിവരും ഗവേഷണത്തിൽ പങ്കാളികളായിരുന്നു.